**മധുരമായ കുട്ടികളേ, ശിവബാബയുടെ ചിത്രം ഒരു ചെറിയ മുറിയില്‍ വെച്ച് ഇടക്കിടക്ക് അതിന്റെ മുന്നില്‍ പോയി സംസാരിക്കൂ, അപ്പോള്‍ മുഴുവന്‍ ദിവസവും ഓര്‍മ്മ വന്നുകൊണ്ടിരിക്കും.**

**ചോദ്യം:** കേവലം സംഗമത്തില്‍ മാത്രം അനുഭൂതി ഉണ്ടാകുന്ന നവീനവും അതുല്യവുമായിട്ടുള്ള സ്നേഹം ഏതാണ് ?

**ഉത്തരം:** വിചിത്രനായ ബാബയെ സ്നേഹിക്കുക – ഇതാണ് നവീനമായ സ്നേഹം. നിങ്ങള്‍ക്കറിയാം നിരാകാരനും വിചിത്രനുമായ ബാബ ഈ സാകാരത്തില്‍ വന്നിരിക്കുകയാണ്, നമ്മള്‍ ബാബയുടെ സന്മുഖത്തിരിക്കുകയാണ്, നമുക്ക് സംഗമത്തില്‍ നേരിട്ട് ഈശ്വരന്റെ സ്നേഹം ലഭിക്കുന്നു– ഇതാണ് നവീനവും അതുല്യവുമായ സ്നേഹം. കല്പം മുഴുവന്‍ ദേഹധാരികളെ സ്നേഹിച്ചു, ഇപ്പോള്‍ വിദേഹിയായ ബാബയെ സ്നേഹിക്കണം. ഇങ്ങിനെയുള്ള സ്നേഹം സംഗമത്തില്‍ മാത്രമാണ് ഉണ്ടാകുന്നത്.

**ഗീതം:** ഇന്നെന്‍ മനസ്സിന്‍ പടിവാതില്‍ക്കല്‍ വന്നതാരോ.........

**ഓംശാന്തി.** കുട്ടികള്‍ക്കറിയാം പരിധിയില്ലാത്ത ബാബ വിചിത്രനാണ് അതുപോലെ ഇപ്പോള്‍ നവീനമായ ഒരു സ്നേഹവുമായി നമ്മള്‍ ബാബയുടെ അടുക്കല്‍ ഇരിക്കുകയാണ് അഥവാ വന്നിരിക്കുകയാണ്. ഇതിനെ പുതുമയുള്ള സ്നേഹം എന്നാണ് പറയുന്നത്. ഈശ്വരന്റെ സ്നേഹം കേവലം ഒരു പ്രാവശ്യമാണ് കുട്ടികള്‍ക്ക് ലഭിക്കുന്നത്. നമ്മള്‍ സര്‍വ്വരും പരംപിതാ പരമാത്മാവിനെയാണ് ഓര്‍മ്മിക്കുന്നത് എന്ന് കുട്ടികള്‍ക്ക് മനസ്സിലാക്കാന്‍ സാധിക്കുന്നുണ്ട്. ബാബയിരുന്ന് കുട്ടികളെ പഠിപ്പിക്കുന്നു. ആ നിരാകാരനും വിചിത്രവുമായ ബാബ ഇദ്ദേഹത്തില്‍ വന്നിരിക്കുകയാണ്. പരംപിതാ പരമാത്മാവ് നമ്മള്‍ ആത്മാക്കളുടെ അച്ഛനാണ്. നമ്മള്‍ ഇപ്പോള്‍ ബാബയെ തിരിച്ചറിയുകയും മനസ്സിലാക്കുകയും ചെയ്തു. ഈ സ്നേഹവും അതുല്യമാണ്. ഇതുവരെ ദേഹധാരികളെയാണ് ഓര്‍മ്മിച്ചിരുന്നത്. ഇത് വിദേഹിയാണ്, ശരീരം ഇല്ല. നമ്മള്‍ ബാബയുടെ സന്മുഖത്തിരിക്കുകയാണ്. ബാബ വളരെ സ്നേഹത്തോടെ വന്ന് പഠിപ്പിക്കുന്നു. ഇത് പുതിയ കാര്യമല്ലേ. ധനം ലഭിക്കണം, വീട് ലഭിക്കണം എന്നൊക്കെ മുന്‍പ് ഏതെല്ലാം ആശകളാണോ ഉണ്ടായിരുന്നത് അതെല്ലാം ഇപ്പോള്‍ മാറിയിരിക്കുന്നു. മുഴുവന്‍ ലോകത്തില്‍ നിന്നും നിങ്ങളുടെ ആഗ്രഹങ്ങള്‍ മാറിയിരിക്കുന്നു. നമ്മള്‍ ഇപ്പോള്‍ ബാബയില്‍ നിന്നും വിശ്വത്തിന്റെ അധികാരിയാകുന്നതിന് വേണ്ടി പുരുഷാര്‍ത്ഥം ചെയ്ത് കൊണ്ടിരിക്കുകയാണ്. നിങ്ങള്‍ ഇപ്പോള്‍ സന്മുഖത്തിരിക്കുകയാണ്. സര്‍വ്വ ആത്മാക്കളുടേയും അച്ഛന്‍ പതീത പാവനനായ ശിവനാണ് എന്ന് അറിയുന്നുണ്ട്. ബാബയെ തന്നെയാണ് ഓര്‍മ്മിക്കുന്നത്. നിങ്ങള്‍ കുട്ടികള്‍ ഇപ്പോള്‍ സന്മുഖത്തിരിക്കുകയാണ്. പരിധിയില്ലാത്ത അച്ഛനില്‍ നിന്നും പരിധിയില്ലാത്ത സമ്പത്ത് എടുക്കണം എന്ന ഉത്സാഹം ഹൃദയത്തിലുണ്ട്. എത്ര വിചിത്രവും അതുല്യവും അത്ഭുതകരവുമായ ബാബയാണ്! ഇത് മറ്റാരും അറിയുന്നില്ല. എങ്ങനെയാണ് ബാബ തന്റേതാക്കി പഠിപ്പിക്കുന്നത് എന്ന് കേവലം നിങ്ങള്‍ മാത്രമാണ് അറിയുന്നത്. ഇടക്കിടക്ക് ബാബയുടെ ഓര്‍മ്മയുണ്ടായിക്കൊണ്ടിരിക്കുന്നതിന് വേണ്ടി എന്ത് യുക്തികള്‍ കണ്ടെത്താം? ബാബ ഉപായം പറഞ്ഞ് തരുന്നു – ഓരോരുത്തരും തന്റെ വീട്ടില്‍ ശിവന്റെ ചിത്രം വെക്കൂ. ശിവബാബയുടെ ചിത്രം കാണുമ്പോള്‍ ചിന്തിക്കും – പതീത പാവനനായ പരിധിയില്ലാത്ത ബാബ പാവന ലോകം സ്ഥാപിക്കുവാന്‍ വന്നിരിക്കകയാണ്. ബാബയില്‍ നിന്നും നമ്മള്‍ ഇപ്പോള്‍ 5000 വര്‍ഷങ്ങള്‍ക്ക് മുന്‍പ് എന്നപോലെ സമ്പത്ത് എടുത്തു കൊണ്ടിരിക്കുകയാണ്, സ്വര്‍ഗ്ഗത്തിന്റെ സ്വരാജ്യം. ആത്മാവ് അറിയുന്നുണ്ട് – നമ്മള്‍ സ്വര്‍ഗ്ഗത്തില്‍ പോയി ശരീരത്തിനോടൊപ്പം രാജ്യം ഭരിക്കും. ഏതൊരു കാര്യമാണോ സ്വപ്നത്തില്‍ പോലും ഇല്ലാതിരുന്നത്, ആ ബാബ ഇപ്പോള്‍ വന്നിരിക്കുകയാണ് അപ്പോള്‍ ഒരു ചെറിയ മുറിയുണ്ടാക്കി ശിവന്റെ ചിത്രം വെച്ച് അതില്‍ ബാബ വന്നിരിക്കുകയാണ് എന്ന് എഴുതണം. ബാബക്ക് വരേണ്ടത് തന്നെ സ്വര്‍ഗ്ഗം സ്ഥാപിക്കുന്നതിന് വേണ്ടിയാണ്. നരകവാസികളെ സ്വര്‍ഗ്ഗവാസിയാക്കുവാന്‍. ഇടക്കിടക്ക് ബാബയെ കണ്ട് കൊണ്ടിരിക്കുകയാണെങ്കില്‍ ഓര്‍മ്മയുണ്ടാകും. ചിത്രങ്ങള്‍ കഴുത്തിലും അണിയാറുണ്ട്. പതിയുടെ ചിത്രവും കഴുത്തില്‍ അണിയാറുണ്ടല്ലോ അല്ലേ. നിങ്ങള്‍ കുട്ടികള്‍ക്ക് വേണ്ടിയും തയ്യാറാക്കികൊണ്ടിരിക്കുകയാണ്. പാരലൗകീക അച്ഛനെ ഓര്‍മ്മിക്കുക വളരെ അതുല്യമാണ്. മറ്റ് സര്‍വ്വരുടേയും ഓര്‍മ്മയെ ഏകീകരിച്ച് ഒന്നിനെ ഓര്‍മ്മിക്കണം. ഏതുപോലെയാണോ ഭക്തീ മാര്‍ഗ്ഗത്തില്‍ തന്റെ വീട്ടില്‍ പൂജാമുറി അഥവാ ക്ഷേത്രം ഉണ്ടാക്കാറുണ്ടല്ലോ അല്ലേ, അതുപോലെ ജ്ഞാനമാര്‍ഗ്ഗത്തിലും മുറിയുണ്ടാക്കി അവിടെ ശിവബാബയുടെ മാത്രം ചിത്രം വെക്കണം. മനുഷ്യര്‍ പറയുന്നത് – ബ്രഹ്മാകുമാരിമാരുടെ മുരളി വികാരങ്ങളില്‍ നിന്നും വിടുവിക്കുന്നു എന്നാണ്. ഇത് നല്ലതല്ലേ! പാവനമാകുന്നതിനു വേണ്ടി തീര്‍ച്ചയായും

വികാരങ്ങളെ ഉപേക്ഷിക്കേണ്ടതായുണ്ട്. എന്തിനാണ് ഭക്തി ഉപേക്ഷിക്കുന്നത് എന്ന് ചോദിച്ച് വഴക്കുണ്ടാക്കുന്നു. ശരി, നമ്മൾ ഭക്തി ചെയ്യുന്നുണ്ട് പക്ഷേ ഒരാളുടെ, മറ്റാരുടേയും ഇല്ല. മറ്റ് കൂട്ട്കെട്ടിൽ നിന്നും ബുദ്ധിയോഗം മാറ്റണം.

നിങ്ങളുടെ യുദ്ധം മായയുമായിട്ടാണ്. നിങ്ങൾ ബാബയെ ഓർമ്മിക്കുന്നു, മായ അത് ഇല്ലാതാക്കുവാൻ പരിശ്രമിക്കുന്നു. നമുക്ക് ശിവബാബയിൽ നിന്നും സമ്പത്ത് ലഭിക്കുന്നു – അങ്ങനെ ഓർമ്മിച്ച് കൊണ്ടിരിക്കണം. ശിവബാബയെ നോക്കിക്കൊണ്ടിരിക്കുകയാണെങ്കിൽ നിങ്ങളുടെ കൊച്ചുമുറി വൈകുണ്ഠമായിത്തീരും. മീരയും ഭക്തി ചെയ്തിരുന്നപ്പോൾ വൈകുണ്ഠത്തിന്റെ സാക്ഷാത്ക്കാരം ലഭിച്ചിരുന്നു. അവർക്കും സാക്ഷാത്ക്കാരം കൊടുത്തത് ശിവബാബയാണ്. നമ്മൾ ശിവബാബയിലൂടെ വിശ്വത്തിന്റെ അധികാരിയാവുകയാണ് എന്ന് നിങ്ങളുടെ ബുദ്ധിയിലുണ്ട്. ശിവൻ എന്താണ് ചെയ്യുന്നത് എന്ന് ഭക്തീമാർഗ്ഗത്തിൽ അറിവുണ്ടായിരിക്കില്ല. എന്തുകൊണ്ടാണ് ശിവനിൽ ബലിയർപ്പണമാകുന്നത്? നിങ്ങൾക്കറിയാം – ഏററവും ഉയർന്നത് ശിവബാബയാണ്, ബാബയെ തന്നെയാണ് പരമാത്മാവ് എന്ന് പറയുന്നത്. പരമാത്മാവിൽ നിന്നും തീർച്ചയായും പുതിയ വസ്തു തന്നെയാണ് ലഭിക്കുന്നത്. ബാബയെ ഹെവൻലി ഗോഡ് ഫാദർ എന്ന് പറയുന്നു. ശ്രീകൃഷ്ണൻ സ്വർഗ്ഗത്തിലാണുള്ളത്, കൃഷ്ണനെ ഫാദർ എന്ന് പറയില്ല. കൃഷ്ണൻ കുട്ടിയാണ്. സ്വർഗ്ഗം സ്ഥാപിക്കുന്നത് നിരാകാരനായ അച്ഛനാണ്. അച്ഛൻ ദേഹധാരി അല്ല. ശരിയാണ്, ഇന്നത്തെക്കാലത്ത് സർവ്വരേയും അച്ഛൻ എന്ന് പറയുന്നു. ഗാന്ധിയേയും ബാപൂജീ എന്ന് വിളിക്കുന്നു. പക്ഷേ എല്ലാ ധർമ്മത്തിലുമുള്ളവരും പറയില്ല. അർത്ഥം മനസ്സിലാക്കുന്നില്ല. സർവ്വരുടേയും ബാപൂജി ശിവബാബയാണ് എന്ന് നിങ്ങൾക്കറിയാം. ശിവദാദ അല്ല, ബാബയാണ്. ബാബ നിരാകാരീ ലോകത്തിലാണ് വസിക്കുന്നത്. കൃഷ്ണനെ ഒർമ്മിക്കുന്നുണ്ട് പക്ഷേ കൃഷ്ണൻ വൈകുണ്ഠ വാസിയാണ്. ഋഷി – മുനി തുടങ്ങിയ സർവ്വ ദേഹധാരികളും ഇവിടെയാണ് ഉണ്ടായിരുന്നത്. പരമാത്മാവ് നിരാകാരനാണ്, ബാബക്ക് ദേഹമില്ല. സർവ്വവ്യാപി എന്ന ജ്ഞാനം കാരണം ആരുടേയും ബുദ്ധി പ്രവർത്തിക്കുന്നില്ല. ബാബ വന്ന് ബുദ്ധിയുടെ പൂട്ട് തുറന്ന് തരുന്നു. ഇവിടെ ഇത് പുതിയ കാര്യമാണ്. മറ്റ് സത്സംഗങ്ങളിൽ ശിവബാബ ജ്ഞാനം തന്ന് കൊണ്ടിരിക്കുന്നു എന്ന് പറയില്ല. അവിടെയെല്ലാം ദേഹധാരികളാണിരിക്കുന്നത്. നമ്മൾ നിരാകാരനായ ബാബയിൽ നിന്നും കേട്ട് കൊണ്ടിരിക്കുകയാണ് എന്ന നിശ്ചയം നിങ്ങൾക്കുണ്ട്. നിരാകാരൻ എപ്പോഴാണോ സാകാരത്തിൽ വരുന്നത് അപ്പോൾ മനസ്സിലാക്കി തരുന്നു. ബാബ കല്പ– കല്പം വരുന്നു. വന്ന് അധികാരിയാക്കുന്നു. എന്നാലും മായ എത്രമാത്രം കഷ്ടപ്പെടുത്തുന്നു! വിഘ്നമിടുന്നു. രുദ്ര ജ്ഞാന യജ്ഞത്തിൽ അസുരന്മാരുടെ വിഘ്നമുണ്ടാകുന്നു. ദേഹാഭിമാനത്തിൽ വരുന്നതിലൂടെ തന്നെയാണ് വിഘ്നമുണ്ടാകുന്നത്. ബാബ പറയുന്നു – സ്വയം അശരീരിയാണ് എന്ന് മനസ്സിലാക്കൂ. നമ്മൾ ബാബയുടേതായിരിക്കുകയാണ്. ബാബ തിരികെ കൊണ്ട് പോകുവാൻ വന്നിരിക്കുന്നു. ഈ ശരീരം ഉപേക്ഷിച്ച് തിരികെ പോകണം. തന്നോട് സംസാരിക്കൂ. സൂക്ഷ്മ ദേഹധാരികളുടെയും സ്ഥൂല ദേഹധാരികളുടേയും ഓർമ്മ വരരുത്. പക്കാ നിശ്ചയം ഉണ്ടാകണം. നമ്മൾ ആത്മാക്കൾ പരംധാമത്തിൽ നിന്നും വന്നിരിക്കുകയാണ്. നമ്മൾ അവിടെ വസിക്കുന്നവരാണ്. സത്യയുഗത്തിൽ ഇത്രയും ജന്മം രാജ്യം ഭരിച്ചു. 84 ജന്മം എടുത്തു, ഇപ്പോൾ നാടകം പൂർത്തിയാകുന്നു. തിരികെ പോകണം. വീട്ടിൽ എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ മുറിയിൽ ശിവബാബയുടെ ചിത്രം വക്കൂ. ശിവന്റെ പൂജ ചെയ്യരുത് എന്ന് ബ്രാഹ്മണർ സ്ത്രീകളോട് പറയാറുണ്ട്. പക്ഷേ ബാബ വരുന്നത് തന്നെ മാതാക്കൾക്ക് വേണ്ടിയാണ്. ധാരാളം പേർ ശിവനിൽ ധാരയർപ്പിക്കാറുണ്ട്. മാതാക്കളാണ് കൂടുതൽ പൈസ കൊടുക്കുന്നത് അത് കാരണം പൂജാരികൾ വളരെ സന്തോഷിക്കുന്നു. ഭക്തിയുടെ സത്യമായ ഭാവന അബലകളായ മാതാക്കൾക്കാണുള്ളത്. പുരുഷൻമാർ ചഞ്ചലരാണ്, ഇടക്കിടക്ക് പുറത്ത് പോകുന്നു. ബുദ്ധിയോഗം അലയുന്നു. പത്നിക്ക് പതിയോട് വളരെ മോഹമുണ്ട്. ഇത് ദുഃഖധാമമാണ് എന്ന് നിങ്ങൾ കുട്ടികൾ അറിയുന്നുണ്ട്. ഇപ്പോൾ സുഖധാമം സ്ഥാപിക്കുന്നവനായ ബാബ വന്നിരിക്കുകയാണ്. നമുക്ക് എങ്ങനെ ബാബയെ ഓർമ്മിക്കാം? ഇതിന് വേണ്ടി യുക്തികൾ രചിക്കണം. ബാബയെ ഈ കണ്ണുകളാൽ കാണുവാൻ സാധിക്കില്ല. നമ്മുടെ അച്ഛൻ ശിവബാബയാണ് എന്ന് ആത്മാവാണ് പറയുന്നത്. ശിവന്റെ ചിത്രം കാണുമ്പോൾ തന്നെ വളരെയധികം സന്തോഷം തോന്നും.

നിങ്ങൾ കുട്ടികളുടെ യോഗവും അവ്യഭിചാരിയായിരിക്കണം. ശിവന്റെ ചിത്രം വെച്ച് ഇടക്കിടക്ക് ഓർമ്മിച്ച് കൊണ്ടിരിക്കൂ. ബാബ തന്റെ ഉദാഹരണം പറഞ്ഞ് തന്നിരുന്നു. ലക്ഷ്മീ നാരായണന്റെ ചിത്രത്തോട് എനിക്ക് എത്ര സ്നേഹമുണ്ടായിരുന്നു! ഒരിക്കൽ ഈ ചിന്തയുണ്ടായി– ലക്ഷ്മി ദാസിയായി പാദം തടവികൊണ്ടിരിക്കുന്നു, ഇത് ശരിയല്ല. ലക്ഷ്മിയെ ഇതിൽ നിന്നും മോചിപ്പിക്കുവാൻ ആർട്ടിസ്റ്റിനോട് പറഞ്ഞു. നാരായണന്റെ ചിത്രം പോക്കറ്റിൽ തന്നെ വെക്കുമായിരുന്നു. ഒന്ന് പോക്കറ്റിലും ഒന്ന് ബോക്സിലും വച്ചിരുന്നു. ഇടക്കിടക്ക് ചിത്രം നോക്കുമായിരുന്നു, ലഹരിയോട് കൂടി. എന്നാൽ ഗുപ്തമായാണ്

ചെയ്തിരുന്നത്. ആരും കാണരുത്. ഇല്ലായെങ്കിൽ, ഇദ്ദേഹം എന്താണ് ചെയ്യുന്നത് എന്ന് ചോദിക്കും. ആദ്യം കൃഷ്ണനോടാണ് സ്നേഹമുണ്ടായിരുന്നത്, പിന്നെ അത് മാറി വിഷ്ണുവിനോടായി. ഏതുപോലെ തീവ്ര ഭക്തിയുണ്ടല്ലോ, അതുപോലെ ഈ ഓർമ്മിക്കുന്നതും തീവ്രമായിരിക്കണം, ഇതിലൂടെ വളരെ വലിയ പ്രാപ്തിയുണ്ടാകും. ഭക്തിയിലൂടെ ഒന്നും ലഭിക്കുന്നില്ല, അല്പകാലത്തേക്ക് കുറച്ച് സുഖം ലഭിക്കും. പിന്നെ അടുത്ത ജന്മത്തിൽ പരിശ്രമിക്കേണ്ടി വരുന്നു. ഭക്തിയിലും ജോലി കാര്യങ്ങളിലുമൊക്കെ പരിശ്രമിക്കേണ്ടി വരുന്നു. സമ്പാദിച്ചാൽ, കഴിക്കാം. ബാബ നിങ്ങളെ ഈ ഒരു ജന്മത്തിൽ ഇത്രയും പരിശ്രമിപ്പിക്കുന്നു അതിലൂടെ 21 ജന്മം പ്രാലബ്ധം അനുഭവിച്ചുകൊണ്ടിരിക്കാം. കഷ്ടപ്പെടേണ്ട ആവശ്യമൊന്നും ഉണ്ടായിരിക്കില്ല. 21 ജന്മം സദാ സുഖിയായിരിക്കാം. അങ്ങനെയുള്ള പുരുഷാർത്ഥം ചെയ്യുവാൻ പഠിപ്പിക്കുന്ന ബാബയെ ഓർമ്മിക്കേണ്ടതല്ലേ. പറയുന്നു – ഓരോ ശ്വാസത്തിലും ഓർമ്മിക്കൂ. ഗുരുക്കന്മാർ തന്റെ ശിഷ്യന്മാരോട് പറയുന്നത് മാല കറക്കുവാനാണ്. രാമ – രാമാ എന്ന് പറയൂ അത്രയും മതി. രാമ –രാമാ എന്ന് ജപിച്ച് രോമാഞ്ചമുണ്ടാകുന്നു. രാമ –രാമാ എന്ന ലഹരിയിൽ ആടുന്നു. രാമന്റെ ലോകത്തിൽ എത്തിയത് പോലെയാണ്. നിങ്ങളോട് ബാബ പറയുന്നു – ഒരു ശിവബാബയുടെ ഓർമ്മയുടെ അജപാജപം നടത്തൂ പിന്നെ മറ്റൊന്നും ഓർമ്മ വരരുത്. എന്നാൽ മായയും എതിർക്കുന്നു. ഭക്തീ മാർഗ്ഗത്തിൽ ഒരിക്കലും മായ എതിർക്കില്ല. ഇത് മായയും ഈശ്വരന്റെ കുട്ടികളും തമ്മിലുള്ള യുദ്ധമാണ്. ഭഗവാൻ അങ്ങനെ പറയുന്നു, മായ അങ്ങനെ പറയുന്നു – നാടകവും ഉണ്ടാക്കുന്നു. ഇപ്പോൾ സംഗമയുഗമാണ്. മായയുടെ തെററായ സങ്കല്പ വികല്പങ്ങൾ വന്നുകൊണ്ടിരിക്കും. മനുഷ്യനെ എടുത്ത് ദൂരേക്ക് എറിയുന്ന തരത്തിലുള്ള ശക്തമായ കൊടുങ്കാറ്റുകളും വരും. ഇത് മായാ രാവണന്റെ കൊടുങ്കാറ്റാണ്. അതിൽ നിന്നും രക്ഷപ്പെടുവാനുള്ള യുക്തികൾ ബാബ പറഞ്ഞ് തരുന്നു. നിങ്ങൾ പറയും നമ്മളെ പരംപിതാ പരമാത്മാവ് രാജയോഗം പഠിപ്പിക്കുന്നു.

നിങ്ങളോട് ചിലർ ചോദിക്കുകയാണ് – നിങ്ങളെ ഈ സന്യാസം ചെയ്യിക്കുന്നത് ആരാണ്? ഗുരു ആരാണ്? പറയൂ – പരംപിതാ പരമാത്മാവ്. ഭഗവാൻ വന്ന് സന്യാസം ചെയ്യിക്കുന്ന മററാരും ഉണ്ടായിരിക്കില്ല. അതെല്ലാം മനുഷ്യൻ മനുഷ്യനെ ചെയ്യിക്കുന്നതാണ്. ഇവിടെ ബാബ വന്ന് പറയുന്നു – ദേഹ സഹിതം ഏതെല്ലാം സംബന്ധങ്ങളുണ്ടോ അതിനെ ഉപേക്ഷിക്കൂ. ഈ പഴയ ലോകത്തെ ത്യാഗം ചെയ്ത് പുതിയ ലോകത്തെ ഓർമ്മിക്കൂ – സന്യാസികൾ ഒരിക്കലും ഇങ്ങനെ പറയുന്നില്ല. ഇപ്പോൾ പ്രാക്ടിക്കലിൽ പഴയ ലോകത്തിന്റെ വിനാശം സംഭവിക്കണം, അതുകൊണ്ട് സർവ്വതും ബുദ്ധി കൊണ്ട് ത്യാഗം ചെയ്ത് ഒരു ബാബയോട് ബുദ്ധി യോജിപ്പിക്കണം. നിങ്ങൾ വിവാഹ നിശ്ചയം നടത്തുകയല്ലേ. ദേഹധാരിയെ ഓർമ്മിക്കുകയാണെങ്കിൽ ആ വിവാഹ നിശ്ചയത്തിന് ഉറപ്പില്ലാതാകും. സർവ്വ ധർമ്മങ്ങളേയും..........ഞാൻ ഇന്നയാളാണ്, ഇതാണ്.....അതെല്ലാം ഉപേക്ഷിച്ച് സ്വയം ആത്മാവാണ് എന്ന് മനസ്സിലാക്കൂ. 84 ജന്മങ്ങളെ നിങ്ങൾ മനസ്സിലാക്കി. ഇപ്പോൾ സന്തോഷത്തോടു കൂടി തിരികെ പോകുന്നു. കൈ അടിക്കണം. നമ്മൾ ആത്മാക്കൾ ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊന്ന് എടുക്കുന്നു. സ്വയം ദേഹിയാണ് എന്ന് മനസ്സിലാക്കണം. നമ്മൾ ആത്മാവ് ആദ്യമാദ്യം സുന്ദരമായിരുന്നു. പിന്നെ 84 ജന്മം എടുത്തു. ഇപ്പോൾ തിരികെ പോയതിന് ശേഷം വന്ന് സ്വർഗ്ഗത്തിൽ രാജ്യം ഭരിക്കും. ഈ സ്വദർശന ചക്രം കറക്കുക എത്ര സഹജമാണ്. ശിവന്റെ ചിത്രം പോക്കറ്റിലുണ്ടായിരിക്കണം. ബാബാ താങ്കൾ വന്നിരിക്കുന്നു, എത്ര മധുരമാണ്, നമ്മുടെ അച്ഛനല്ലേ – അങ്ങനെയങ്ങനെ സംസാരിക്കണം. കൃഷ്ണനുമായി ഭക്തീമാർഗ്ഗത്തിൽ അങ്ങനെയങ്ങനെ സംസാരിക്കുമായിരുന്നല്ലോ അല്ലേ. ശിവന്റെ ഫസ്റ്റ് ക്ലാസ്സായ ലോക്കററ് സ്വർണ്ണത്തിന്റേതും വെള്ളിയുടേതും ഉണ്ടാക്കും. പാവപ്പെട്ടവർക്ക് സ്വർണ്ണത്തിന്റേതും സമ്പന്നർക്ക് വെള്ളിയുടേതും നല്കാം. ഈ മാതാക്കൾ വളരെ മധുരമാണ്. ഗ്രാമങ്ങളിലുള്ളവർക്ക് വളരെ നല്ല ഭാവനയുണ്ടായിരിക്കും. സാധാരണ കുട്ടികളെ കാണുമ്പോൾ ബാബയും സന്തോഷിക്കുന്നു. കൃഷ്ണനെ ഗ്രാമത്തിലെ വികൃതിപ്പയ്യൻ എന്നല്ലേ വിളിക്കുന്നത്. കൃഷ്ണൻ ഒരിക്കലും ഗ്രാമത്തിലെ പയ്യനാകുന്നില്ല. കൃഷ്ണൻ സ്വർഗ്ഗത്തിന്റെ അധികാരിയാണ്. ഇദ്ദേഹത്തിന്റെയും(ബ്രഹ്മാബാബ) കൃഷ്ണന്റെയും കാര്യങ്ങൾ കൂട്ടിക്കലർത്തി യിരിക്കുന്നു. ഇദ്ദേഹത്തിനാണ് ഗ്രാമത്തിന്റെ പൂർണ്ണമായുള്ള അനുഭവമുള്ളത്. ശിവബാബയേയോ കൃഷ്ണനെയോ ഗ്രാമത്തിലെ പയ്യൻ എന്ന് പറയുവാൻ സാധിക്കില്ല. ഇദ്ദേഹം(ദാദ) കുട്ടികാലത്ത് അവിടെയായിരുന്നു. വളർന്നതും ഗ്രാമത്തിലായിരുന്നു. ഈ സാധാരണ ശരീരത്തിൽ ബാബ വന്ന് പ്രവേശിക്കുന്നു. പ്രധാന കാര്യം ബാബ പറഞ്ഞ് തരുന്നു അതായത് മുഴുവൻ ആധാരവും ഓർമ്മിക്കുന്നതിലാണ്. ഓർമ്മിക്കുന്നത് ഒരിക്കലും മറന്ന് പോകരുത്. ഞാൻ അച്ഛനെ മറന്നു എന്ന് ഒരിക്കലും ലൗകീക സന്താനം പറയാറില്ല. എപ്പോഴെങ്കിലും സജനി സാജനെ മറക്കുമോ? അസംഭവ്യമാണ്. ഇത് നിങ്ങൾ കുട്ടികൾക്കുള്ള പരിശ്രമമാണ്. നിരന്തരമായ ഓർമ്മയുടെ അഭ്യാസത്തിലൂടെ തന്നെയാണ് വികർമ്മം വിനാശമാകുന്നത്. ഇല്ലായെങ്കിൽ ശിക്ഷ അനുഭവിക്കേണ്ടി വരും. വിജയമാലയിൽ വരാൻ സാധിക്കില്ല. ബാബയുടെ അതിശയമാണ് ഇത് അതായത് വൃദ്ധരേയും പാവപ്പെട്ടവരേയും ഗണികകളേയും

അഹല്യമാരേയും കൂനികളേയുമൊക്കെ വന്ന് തന്റേതാക്കുന്നു. ചിത്രത്തിന്റെ ആവശ്യമൊന്നും ഇല്ല. പക്ഷേ മായ മറവിപ്പിക്കുന്നു, അതുകൊണ്ടാണ് ചിത്രം വെക്കുന്നത്. നമ്മൾ ബാബയുടെ അടുക്കലേക്കാണ് പോകുന്നത് എന്നത് ബുദ്ധിയിലുണ്ടായിരിക്കണം. മുക്തിയുടേയും ജീവന്മുക്തിയുടേയും വഴി കണ്ടെത്തിയിരിക്കുന്നു. മറ്റൊരു വഴികാട്ടിയും ഇല്ല. ഇതിനെ ഇന്ദ്രപ്രസ്ഥം എന്നും പറയുന്നു, പതീതരായ ആരെങ്കിലും വന്ന് ഒളിച്ചിരിക്കുകയാണെങ്കിൽ കല്ല് ബുദ്ധിയായി മാറും. ബാബ അന്തര്യാമിയല്ലേ! ഈ ബാബ (ബ്രഹ്മാവ്) ബാഹർയാമിയാണ്. പതീതർ ആരോ ഒളിച്ചിരിക്കുകയാണ് എന്ന് ആ ബാബക്ക് പെട്ടെന്ന് മനസ്സിലാകുന്നു. ആരാണോ ആ പതീതരെ കൊണ്ട് വന്നത് പിന്നെ ആരാണോ വന്നിരിക്കുന്നത് അവർ രണ്ട് പേർക്കും ശിക്ഷ ലഭിക്കും, അതുകൊണ്ട് ഒരിക്കലും പതീതരെ കൊണ്ട് വരരുത്. അത്ര കടുത്ത നിയമമാണ്. മോശമായ പതീതരെ ഒരിക്കലും ഇരുത്തരുത്. അല്ലായെങ്കിൽ വളരെ കടുത്ത ശിക്ഷ അനുഭവിക്കേണ്ടി വരും.ഇവിടെ ഏതെങ്കിലും കള്ളനോ ചതിയനോ നില്ക്കുവാൻ സാധിക്കില്ല. പാപത്തിന്റേയും പുണ്യത്തിന്റേയും കണക്കുകൾ ധർമ്മരാജന്റെ അടുക്കൽ ഉണ്ടാകുമല്ലോ അല്ലേ. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യസാരം -

1. സർവ്വരോടുമുള്ള ഓർമ്മയെ ഒതുക്കി, ബുദ്ധിയോഗം സർവ്വതിൽ നിന്നും വിടുവിച്ച് ഒരു ബാബയുടെ ഓർമ്മയിലിരിക്കണം. ശിവബാബയുടെ മുറി ഉണ്ടാക്കി ബാബയുടെ അവ്യഭിചാരിയായ ഓർമ്മയിരിക്കണം.

2. സ്വയം തന്നോട് തന്നെ മധുര മധുരമായി സംസാരിക്കണം. നമ്മൾ ആദ്യം എത്ര സുന്ദരമായിരുന്നു, പിന്നെ 84 ജന്മം എടുത്തു, ഇപ്പോൾ സന്തോഷത്തോടെ തിരികെ പോകുന്നു - അങ്ങനെ തന്നോട് സംസാരിച്ച് സ്വദർശന ചക്രം കറക്കണം.

## വരദാനം:- സ്വചിന്തനത്തിലൂടെയും സ്വദർശനത്തിലൂടെയും വജ്രസമാനം അമൂല്യ ജീവിതത്തിന്റെ അനുഭവം ചെയ്യുന്ന കറയില്ലാത്തവരായി ഭവിക്കട്ടെ.

വജ്രസമാനം അമൂല്യ ജീവിതത്തിന്റെ അനുഭവം ചെയ്യുന്നതിന് വേണ്ടി സദാ സ്വചിന്തനം ചെയ്യൂ, ഒപ്പം സ്വദർശന ചക്രധാരിയാകൂ, എന്തുകൊണ്ടെന്നാൽ വജ്രത്തെ കറ പിടിപ്പിക്കുന്നത് കേവലം രണ്ട് കാര്യങ്ങളാണ്- ഒന്ന് പരദർശനം രണ്ട് പരചിന്തനം. ഈ രണ്ട് കാര്യങ്ങൾ തന്നെയാണ് കൂട്ടുകെട്ടിന്റെ നിറത്തിലൂടെ ശുദ്ധമായ വജ്രത്തെ കറ പിടിപ്പിക്കുന്നത്, അതുകൊണ്ട് ഈ മൂലബീജത്തെ സമാപ്തമാക്കി സ്വചിന്തനം ചെയ്യൂ, ഒപ്പം സ്വദർശന ചക്രം കറക്കൂ, എങ്കിൽ അഴുക്കും കറയും ഏൽക്കുകയില്ല. സദാ കറയില്ലാത്ത സത്യമായ വജ്രം, തിളങ്ങുന്ന അമൂല്യ രത്നമായി മാറും.

## സ്ലോഗൻ:- വിചിത്രനായ ബാബയുടെ ചിത്രവും ചരിത്രവും ഓർമ്മിക്കുന്നവർ തന്നെയാണ് സൽസ്വഭാവി.